# മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം

വിഷയം:- നഗര ഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകയുടെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - മലപ്പുറം ജില്ല- തിരൂർ നഗരസഭ- തിരൂർ ജില്ല ആശുപത്രി കെട്ടിട നിർമ്മാണം - കൺകറൻസ് നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. മലപ്പുറം നഗരാസൂത്രകന്റെ 27/07/2019-ലെ എ 3/1587/2018 നമ്പർ കത്ത്.
2. തിരൂർ നഗരസഭ സെക്രട്ടറിയുടെ 16/10/18-ലെ പിഡബ്ല്യു3/22755/15 നമ്പർ കത്ത്.
3. ജില്ല ആശുപത്രി സൂപ്രണ്ടിന്റെ 14/06/19-ലെ എ 1/5309/2017 നമ്പർ കത്ത്.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ് നം. TCPCTP/1915/2019-C2 തീയതി: **16/10/2019**

---

മലപ്പുറം ജില്ലയിൽ തിരൂർ നഗരസഭയിൽ തൃക്കണ്ടിയൂർ വില്ലേജിൽ 196/10A, 196/9, 196/10B എന്നീ സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ടതും നിലവിൽ പ്രവർത്തിച്ചു വരുന്നതുമായ ആശുപത്രി കെട്ടിടത്തിന് അംഗീകൃത ഡി.ടി.പി. സ്കീം പ്രകാരമുള്ള കൺകറൻസ് ലഭ്യമാക്കുന്നതിനായി പരാമർശ പ്രകാരം ലഭ്യമായ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത നിർമ്മാണത്തിന് അംഗീകൃത തിരൂർ നഗരസഭ ഡി.ടി.പി സ്കീം No.1 Scheme Rule 10(3)(D)(2) പ്രകാരം ചുവടെ ചേർത്തിരിക്കുന്ന നിബന്ധനകളുടെ അടിസ്ഥാനത്തിൽ കൺകറൻസ് നൽകി ഉത്തരവാകുന്നു.

1. ചട്ടം 11(1) പ്രകാരം സ്ഥലത്തിന്റെ അതിരുകളും , അളവുകളും, പ്രമാണവും, ആധികാരകതയും മുനിസിപ്പൽ സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.
2. കെ.എം.ബി.ആർ. 99 ചട്ടം 23(4 എ) പ്രകാരം 20000 ച.മീ. ബിൽറ്റപ്പ് ഏരിയ വരുന്ന നിർമ്മാണങ്ങൾക്ക് SEIAA-യുടെ അനുമതി ആവശ്യമായതിനാൽ നിലവിലുള്ള നിർമ്മാണങ്ങൾക്ക് നമ്പർ ലഭ്യമാക്കുന്നതിന് അടിയന്തിര പ്രധാന്യം നൽകേണ്ടതുള്ളതുകൊണ്ട് മൊത്തം വിസ്തീർണ്ണം 20000 ച.മീറ്ററിൽ താഴെ നിജപ്പെടുത്തുന്നതിനായി വിഭാവിത നിർമ്മാണമായ ഓങ്കോളജി ബ്ലോക്കിന്റെ വിസ്തൃതിയിൽ കുറവ് വരുത്തുന്നതിനും SEIAA-യുടെ അനുമതി ലഭ്യമാക്കുന്ന മുറയ്ക്ക് സമർപ്പിച്ച പ്ലാൻ പ്രകാരവുമുള്ള മുഴുവൻ നിർമ്മാണം നടത്താവൂ എന്ന് വ്യവസ്ഥ ചെയ്യേണ്ടതാണ്. ആയതിനാൽ സമർപ്പിച്ച പ്ലാൻ പ്രകാരവും നിർമ്മാണം പൂർത്തീകരിക്കുന്നതിന് SEIAA-ൽ നിന്നും അനുമതി വാങ്ങേണ്ടതാണ്.
3. പ്രസ്തുത പ്ലോട്ടിന് ചുറ്റുമതിൽ പുനർനിർമ്മിക്കുന്ന മുറയ്ക്ക് പ്ലാനിൽ കാണിച്ച വിധം വഴി വീതികൂട്ടുന്നതിന് വിഭാവനം ചെയ്തിട്ടുള്ള സ്ഥലം വിട്ടതിന് ശേഷമേ ചുറ്റുമതിൽ കെട്ടാവൂ.
4. പ്ലാനിൽ കാണിച്ച വിധം ഡ്രൈവ് വേ നിർമ്മിക്കേണ്ടതും പാർക്കിംഗ് ബേ ഗ്രൗണ്ടിൽ അടയാളപ്പെടുത്തേണ്ടതുമാണ്.
5. ചട്ടം 54(7)(8) പ്രകാരം ദ്രവ മാലിന്യ നിർമ്മാർജ്ജന സംവിധാനവും, മലിനജല പുനചംക്രമണ പുനരുപയോഗ സംവിധാനവും ഏർപ്പെടുത്തേണ്ടതാണ്.
6. ക്രമവത്ക്കരണം ചെയ്യേണ്ട കെട്ടിടങ്ങൾക്കും വിഭാവിത നിർമ്മാണങ്ങൾക്കും ചട്ടം 54(4 എ) പ്രകാരം അഗ്നി സുരക്ഷാ വകുപ്പിൽ നിന്നും അനുമതി വാങ്ങേണ്ടതാണ്.

7. ഓങ്കോളജി ബ്ലോക്ക് നിർമ്മാണത്തിന് ഒക്കുപൻസി സർട്ടിഫിക്കറ്റ് നൽകുന്ന മുറയ്ക്ക് മെക്കാനിക്കൽ പാർക്കിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
8. ചട്ടം 54(6) പ്രകാരം ആവശ്യമായ ശുചീകരണ സംവിധാനം നൽകിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
9. ചട്ടം 40 എ പ്രകാരം അംഗപരിമിതർക്കുള്ള പാർക്കിംഗ്, റാമ്പ് ലിഫ്റ്റ്, ശുചിമുറി തുടങ്ങിയ സൌകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.
10. ഖര ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനവും ചട്ടം 54(4) പ്രകാരം ചികിത്സാ സംബന്ധമായ ജൈവ മാലിന്യ നിയന്ത്രണ സംവിധാനം തൃപ്തികരമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
11. ഓങ്കോളജി കെട്ടിടത്തിന് ബന്ധപ്പെട്ട മറ്റ് വകുപ്പുകളിൽ നിന്നും അനുമതി വാങ്ങേണ്ടതാണ്.
12. നിർമ്മാണം പൂർത്തീകരിച്ച കെട്ടിടങ്ങൾക്കും വിഭാവിത നിർമ്മാണങ്ങൾക്കും ചട്ടം 54 (5) പ്രകാരം അഗ്നി രക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

ഉത്തരവിൻ പ്രകാരം

പി.ആർ. ജയശ്രീ.
നഗരാസൂത്രക

ഉള്ളടക്കം:- ഒരു സെറ്റ് പ്ലാൻ

സെക്രട്ടറി,
തിരൂർ നഗരസഭ.

പകർപ്പ്:-

1. സൂപ്രണ്ട്, ജില്ലാ ആശുപത്രി.
2. നഗരാസൂത്രകൻ, മലപ്പുറം.
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം.